Lease of purambokes to depressed class people *(Cont.)*—

മിസ്റ്റർ പി. നാരായണമേനോൻ: ന്യായത്തിന്നു വേണ്ടി എത്രതന്നെ സഹിച്ചും തലയുയത്തിപിടിച്ചു് സമരം ചെയ്യാനൊരുങ്ങുന്ന ഒരാൾ പൊളിറ്റിക്കൽ സൗട്ടകാസ്റ്റാകും.

Mr. President: Order, order. The Hon'ble Member is not in order, in replying to the Hon'ble Member for Labour.

Mr. P. Narayana Menon *(Trippunittura):* I am speaking on the resolution of distribution of land.

Mr. President: Order, order. The Hon'ble Member will be well-advised not to make any reference to the discussion that took place during the motion for adjournment.

മിസ്റ്റർ പി. നാരായണമേനോൻ: അതുകൊണ്ടു് ഈ ഭൂമി വിതരണം ചെയ്യുന്ന കാര്യത്തിൽ ന്യായമില്ലാതെ എന്നെ എതിക്കുന്നതിന്നു് പലരും ഉണ്ടാകുമെന്നു് എനിക്കറിയാം. ഞാൻ അവരെ ഭയപ്പെടുന്നില്ല. അധഃകൃതരോടു എനിക്കു് പ്രത്യേകം വിരോധമോ അവരുടെ അഭ്യുന്നതിയിൽ അസഹിഷ്ണുതയൊ ഒന്നുമില്ലെന്നു് മാത്രമല്ല, കഴിയുന്നതും വേഗത്തിൽ അവരും ഉയന്നു് മറ്റുള്ളവരുടെ ഒപ്പം എത്തിയാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്ന ഒരാളുമാണു് ഞാൻ. എന്നാൽ ഭൂമി അവക്കു് കൊടുക്കുന്ന കാര്യത്തിൽ ഒരു കാര്യം പ്രത്യേകം ആലോചിക്കാനുണ്ടു്. ഇതുവരെ അവരെ ഉയത്തിക്കൊണ്ടുവരുന്നതിന്നും, അവരുടെ സങ്കടങ്ങളും പരിഹരിക്കുന്നതിന്നും നമ്മുടെ ഗവമ്മേണ്ടു് ഒരു ഡിപ്പാർട്ടുമെണ്ടു് രൂപീകരിച്ചു് അനേകം ഉദ്യോഗസ്ഥന്മാരേയും നിയമിച്ചു് പ്രവത്തിച്ചു വന്നിരുന്നു എന്നു് നമുക്കെല്ലാവക്കും അറിയാം. ഈ പ്രവൃത്തിയുടെ ഫലം എന്താണു്, ഇതുകൊണ്ടു് അവർ എത്രത്തോളം ഉയന്നിട്ടുണ്ടു്, ഇതുകൊണ്ടു് അവരുടെ ഇടയിൽ എത്രകണ്ടു് വിദ്യാഭ്യാസം വൎദ്ധിച്ചിട്ടുണ്ടു്, ഇതുകൊണ്ടു് അവരുടെ സംസ്കാരം എത്രത്തോളം നന്നായിട്ടുണ്ടു്, ഈ വക സംഗതികളെക്കുറിച്ചാലോചിച്ചു നോക്കിയാൽ പറയത്തക്ക യാതൊരു മാറ്റവും അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവത്തനംകൊണ്ടു അവക്കു് ഇതേവരെ ഉണ്ടായിട്ടില്ലെന്നു് പറയേണ്ടതായിവരും. അധഃകൃത പ്രതിനിധിയോടു് ഒരു ദിവസം ഞാൻ ചോദിക്കയുണ്ടായി, നിങ്ങളുടെ സമുദായത്തിൽ സ്വന്തം പശുവിനെ കറന്നു കാച്ചിക്കുടിക്കുന്നു, പാലു് മോരു്, വെണ്ണ മുതലായ ഗവ്യങ്ങൾ ഉപയോഗിക്കുന്ന ആളുകൾ എത്രയുണ്ടു്. നിങ്ങളുടെ സമുദായത്തിൽ അഞ്ചൂറു വട്ടികയൊ, അതിനെക്കാൾ കൂടുതലൊ സമ്പാദ്യം ഉണ്ടാക്കുവാൻ സാധിച്ചിട്ടുള്ള ആളുകൾ എത്രയുണ്ടു്, നിങ്ങളുടെ സമുദായത്തിൽ സ്വന്തം സാധനങ്ങൾ വെച്ചു സൂക്ഷിക്കുന്നതിന്നു് ഉറപ്പുള്ള പെട്ടിയൊ പത്തായമൊ ഉള്ള ആളുകൾ എത്രയുണ്ടു് എന്നു്. അതിന്നു് അദ്ദേഹത്തിന്നു് ശരിയായ സമാധാനം പറയാൻ സാധിച്ചില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇല്ലെന്നു് പറഞ്ഞില്ലേ?

മിസ്റ്റർ പി. നാരായണമേനോൻ: അവക്കു് സൌജന്യമായി അവർ ചോദിക്കുന്നതെല്ലാം നൽകിയാൽ മാത്രം പോരാ അവക്കു് മറ്റു ജനതയോടൊപ്പം പ്രവൃത്തിക്കുവാനും ഉയരുവാനും കഴിവുണ്ടാക്കികൊടുക്കണം. യുദ്ധം ആരംഭിച്ചതിന്നു് ശേഷം കൂലിനിരക്കു് മുന്നുറപ്പിക വരെയായിട്ടുണ്ടെന്നു് നമുക്കെല്ലാവക്കും അറിയാം. മുന്നുറപ്പിക കൂലികിട്ടുന്ന ഒരാൾക്കു ദിവസമൊന്നുക്കു് ഒരു ഉറുപ്പികാ സമ്പാദിക്കുവാൻ സാധിക്കും. ആ നിലക്കു് യുദ്ധം അഞ്ചു കൊല്ലത്തോളം നീണ്ടുനിന്ന സ്ഥിതിക്കു ഒരാൾക്കു് അയാൾ മിതവ്യയം ചെയ്യുന്ന പക്ഷം ഈ കാലം കൊണ്ടു് രണ്ടായിരമോ മൂവ്വായിരമോ സമ്പാദിക്കുവാൻ സാധിച്ചിരിക്കും. ഈ സമ്പാദ്യം വേണ്ടവിധം ഉപയോഗിച്ചിരുന്നുവെങ്കിൽ, അല്ലെങ്കിൽ അങ്ങിനെ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കത്തക്ക സമുദായ പ്രവത്തകന്മാരുണ്ടായിരുന്നു എങ്കിൽ, അധഃകൃതന്മാരുടെ നില ഇതിനകം വളരെ പുരോഗമിക്കുമായിരുന്നു. അവരുടെയിടയിലും സ്വന്തം പശുവിനെ കറന്നു കാച്ചി പാലു്, തൈരു് വെണ്ണ മുതലായ ഗവ്യങ്ങൾ ധാരാളമായി അനുഭവിക്കുന്നവരും, വളരെ പുരോഗമനപരമായ പരിതസ്ഥിതികളിൽ ജീവിക്കുന്നവരും ഉണ്ടാകുമായിരുന്നു. എന്നാൽ ഈ കൂലികിട്ടിയ സംഖ്യമുഴുവനും അന്നന്നു് മദ്യപാനത്തിന്നു ചിലവു് ചെയ്തു് നശിപ്പിച്ചു് ഇന്നും അവർ പണ്ടത്തെ അധഃകൃതരായിത്തന്നെ വത്തിച്ചുവരുന്നു. ഗവമ്മേണ്ടു് കോളനികളിൽ താമസിക്കുന്നവരും പുറത്തു് താമസിക്കുന്നവരും പണ്ടത്തെ നിലയിൽത്തന്നെയാണു് ഇന്നും ജീവിക്കുന്നതു്. അവരെ ഉയത്തുന്നതിന്നു് മറ്റു ചിലതുകൂടി പ്രവത്തിക്കുവാനുണ്ടു് എന്നു് ഇതിൽനിന്നു് തെളിയുന്നുണ്ടു്. അങ്ങിനെ പ്രവത്തിക്കുവാൻ ഒത്തക്ക മുള്ള നേതാക്കന്മാർ ത്യാഗബുദ്ധിയോടുകൂടി പ്രവൃത്തിച്ചിരുന്നു എങ്കിൽ അവരുടെ സ്ഥിതി ഇന്നത്തെക്കാൾ എത്രയൊ നന്നാക്കാമായിരുന്നു. അതു കൊണ്ടു് ഭൂമി കൊടുക്കേണ്ട എ

LIBRARY ARCHIVES Kerala Legislative Assembly

ന്ന് ഞാൻ പറയുന്നില്ല. ഭൂമി അവക്ക് കൊടുക്കണം. കൃഷിക്ക് പറ്റിയ ആളുകളാണ് അവർ. എന്നാൽ ഈ ഭൂമി കൊടുക്കുന്ന കൂട്ടത്തിൽ ഒരു വ്യവസ്ഥകൂടി ചെയ്യാനുണ്ട്. കൃഷിക്കാക്ക് ഭൂമി എല്ലാദ്ദേശത്തോടുകൂടിയാണൊ കൊടുക്കുന്നത്, ആ ഉദ്ദേശമനുസരിച്ചുപ്രവത്തിക്കാത്തപക്ഷം ആ ഭൂമി തിരിയെ ഗവർമ്മെണ്ടിലെക്കെടുക്കുകയും, അതു് വേണ്ടവിധം ഉപയോഗപ്പെടുത്തുവാൻ തയ്യാറുള്ള ആളുകൾക്ക് കൊടുക്കുകയും വേണമെന്നുള്ള വ്യവസ്ഥ ഭൂമി കൊടുക്കുമ്പോൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നുമാത്രമല്ല സമുദായപ്രവത്തനം ചെയ്യാൻ ആഗ്രഹിക്കുന്ന ആളുകൾ അവരെ വേണ്ടതരത്തിൽ ഉപദേശിച്ച്, അവക്കും, സമുദായത്തിനും ആദായകരമായവിധത്തിൽ ജീവിക്കുവാൻ ഉള്ള കഴിവുകൾ ഉണ്ടാക്കികൊടുക്കുകയും, ശരിയായ മാർഗ്ഗത്തിൽകൂടി നയിക്കുകയും ചെയ്യത്തക്ക ആത്മാത്ഥതയോടുകൂടി സനാദ്ധരാകുകയും വേണം. എനിക്ക് ഒന്നുമാത്രമാണ് പറയുവാനുള്ളതു്. ഒരു സമുദായത്തേയൊ, ഒരു വ്യക്തിയേയൊ നന്നാക്കുവാൻ ആദ്യമായി ചെയ്യേണ്ടതു് ആ സമുദായത്തിന്റേയൊ വ്യക്തിയുടേയൊ ന്യൂനതകൾ ഇന്നിന്നതാണെന്ന് കണ്ടുപിടിക്കുകയാണ്. ആവക ന്യൂനതകൾ പരിഹരിക്കുവാൻ ഉള്ളമാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുകയും, അതിനുവേണ്ടി ആത്മാത്ഥതയോടെ പ്രവത്തിക്കുകയുംവേണം. അതിനുശേഷം മറ്റുള്ളവരുടെ ഗുണങ്ങൾ കണ്ടുപഠിച്ച് അതു് പകർത്തുകയുംവേണം. അതിനുശേഷം വേണം മറ്റുള്ളവരുടെ ദൂഷ്യങ്ങൾ കണ്ടുപിടിക്കുവാൻ. നമ്മുടെയിടയിൽ ഒരു ദുഷിച്ച പാരമ്പര്യം കണ്ടുവരുന്നുണ്ട്. അതായതു്, അവനവൻ വളരെ യോഗ്യനും, മറ്റുള്ളവർ എല്ലാം കൊള്ളരുതാത്തവരുമാണെന്ന ഒരു ബോധം; ഈ ബോധമുണ്ടായിരിക്കുന്നിടത്തോളം കാലം ഒരു സമുദായത്തിനും ഒരിക്കലും ഉയരുവാൻ സാധിക്കയില്ല; ഒരിക്കലും അഭ്യുദയമുണ്ടാകുകയില്ല എന്നു് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് എനിക്ക് എന്റെ സ്നേഹിതനായ അധഃകൃതപ്രതിനിധിയോടു് അപേക്ഷിക്കാനുള്ളതു്, മറ്റുള്ളവരുടെ ന്യൂനതകളെ ചൂണ്ടിക്കാണിച്ച്, അവരെ, ന്യായം പറയുന്നവരെ കുറ്റംപറഞ്ഞു് ഭയപ്പെടുത്തി, നിങ്ങൾ സമുദായത്തെ കുറ്റപ്പെടുത്തുന്നവനാണ്, നിങ്ങൾ സമുദായത്തിലെ ഔട്ട്കാസ്റ്റ് ആയതുകൊണ്ടാണ് ഇതിനെ എതുക്കുന്നതു് എന്നെല്ലാം പറഞ്ഞ് അവരെ ഭയപ്പെടുത്തി, ന്യായം പറയുന്നതു സമ്മതിക്കാതെ, ഉയരുവാൻ സാധിക്കുമെന്നുവിചാരിക്കുന്നുണ്ടെങ്കിൽ, അതു് തെറ്റാണെന്നും, ആ ധാരണ കളയേണ്ടതാണെന്നും, അവനവന്റെ ന്യൂനതകളെ നല്ലപോലെ മനസ്സിലാക്കി അതു് പരിഹരിക്കുന്നതിനുവേണ്ട പരിശ്രമങ്ങൾ ചെയ്യണമെന്നും, ഗവർമ്മെണ്ടിൽനിന്ന് കിട്ടുന്ന ഈവക ആനുകൂല്യങ്ങൾ അവ അഹിക്കുന്നവിധത്തിൽ ഉപയോഗപ്രദമാക്കിത്തീർക്കണമെന്നുമാണ് ഞാൻ പറഞ്ഞതിന്റെ താല്പര്യം. എനിക്ക ഇതിൽ കൂടുതലായിട്ട് അധികമൊന്നും പറയാനില്ല. നിവൃത്തിയുള്ളേടത്തോളം ഭൂമി അവക്കാണ് പതിച്ചുകൊടുക്കേണ്ടതെന്നുള്ള അഭിപ്രായത്തെ ബലമായിപിൻതാങ്ങുന്നു.

The House rose for the day at 5 p.m.

N.S. RADHAKRISHNA SARMA
Secretary to the Council

APPENDIX I

(Please see answer to Question No. 84)

Statement

Sl. No.	Name of society	Amount invested Rs. A. P.	Annual turn over 1119	Annual turn over 1120	Total net profit 1119	Total net profit 1120	Remarks
1	Vanithavyavasayam C. S., Trichur	623 0 0	519 3 3	709 1 2	Nil	Nil	Loss in 1119 Rs. 23-14-2 in 1120 Rs. 94-3-7
2	Vilkurup C. S. Cherpu	380 0 0	..	783 14 3	..	92 7 3	Started in 1120
3	Vadakkethara Weavers C. S. Chittur	199 0 0	..	..	..	..	Registered in 1120, but work started only recently
4	Neelikad Weavers C.S., Chittur	..	..	..	..	..	Started during the end of 1120

LIBRARY ARCHIVES Kerala Legislative Assembly